# അക്കാദമിക് മാസ്റ്റർ പ്ലാൻ

# GHWLPS
# VAYALA

# ആമുഖം

GHWLPS, വയലാ എന്ന ഈ സ്കൂളിൽ നിന്നും വരുന്ന 2 വർഷത്തിനുള്ളിൽ അക്കാദമിക, ഭൗതീക, സാമൂഹിക മേഖലകളിലെ ഫലപ്രദമായ പ്രവർത്തനങ്ങളിലൂടെ മികച്ച ഔട്ട്പുട്ട് ഉണ്ടാകുമെന്ന് സമൂഹത്തെ മുൻകൂട്ടി ബോധിപ്പിക്കുന്നതിലേയ്ക്കാണ് ഞങ്ങൾ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

വിദ്യാലയമികവുകൾ ഉയർത്തി ഈ പൊതുവിദ്യാലയത്തിന്റെ പരിമിതികൾ - പ്രത്യേകിച്ച് പഠിതാക്കളുടെ എണ്ണത്തിലുള്ള കുറവ് മറികടക്കുവാൻ സാധിക്കുമെന്ന ശുഭാപ്തി വിശ്വാസത്തോടെ തയ്യാറാക്കിയിരിക്കുന്ന ഈ മാസ്റ്റർ പ്ലാനിൽ സാധ്യമായ എല്ലാ മേഖലകളിലേയും (അക്കാദമികം, ഭൗതികം, സാമൂഹികം) ഉപമേഖലകളെയും ഉൾപ്പെടുത്തി പ്രവർത്തനപദ്ധതികൾ ആസൂത്രണം ചെയ്ത് എഴുതിചേർത്തിരിക്കുന്നു.

നൂറു വർഷത്തിലധികം പഴക്കമുള്ള വയല ഗവ. ഹരിജൻ വെൽഫെയർ എൽ. പി സ്കൂൾ കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത് പത്താം വാർഡിൽ പ്രശാന്തസുന്ദരമായ പ്രദേശത്ത് സ്ഥിതിചെയ്യുന്ന സ്കൂൾ സ്ഥാപിതമായ കാലഘട്ടം മുതൽ നാളിതുവരെയും ഈ നാട്ടിലെ മത-ജാതി ഭേദമെന്യേ എല്ലാ കുടുംബങ്ങളിലേയും കുട്ടികൾ ഈ സ്കൂളിൽനിന്ന് പ്രാഥമിക വിദ്യാഭ്യാസം നേടി നല്ലൊരു ശതമാനം പേർ ഉപരിപഠനത്തിന് ശേഷം സമൂഹത്തിന്റെ ഉന്നതശ്രേണികളിൽ എത്തിച്ചേരുകയും നമ്മുടെ നാടിന്റെ ആദരങ്ങൾ ഏറ്റുവാങ്ങുകയും ചെയ്തിട്ടുണ്ട്.

എന്നാൽ വിദ്യാഭ്യാസരംഗത്ത്

സ്വകാര്യമേഖലയിൽ കൂണ് മുളയ്ക്കുന്നതുപോലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളും കൂടാതെ ഓരോ കിലോമീറ്റർ ചുറ്റളവിൽ ഒരു പൊതുവിദ്യാലയവും ഒരു അൺഎയ്ഡഡ് സ്കൂളും വരികയുണ്ടായി. ഇംഗ്ലീഷ് മീഡിയം സ്കൂളുകളെ സംബന്ധിച്ച് (ഇംഗ്ലീഷ് വിദ്യാഭ്യാസം) സമൂഹത്തിൽ ഉണ്ടായിരിക്കുന്ന ധാരണകൾ മുൻനിർത്തി കുട്ടികൾ ടി സ്കൂളിലേയ്ക്ക് ഒഴുകുവാൻ തുടങ്ങി. ഇതിന്റെ പ്രത്യാഘാതമെന്ന നിലയിൽ നമ്മുടെ ഈ മാതൃവിദ്യാലയത്തിലെ കുട്ടികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞുകുറഞ്ഞു വരികയും ഇപ്പോൾ വിരലിൽ എണ്ണാൻ മാത്രമുള്ള കുട്ടികളിലേക്ക് എത്തിച്ചേർന്നിരിക്കുകയാണ്.

മുകളിൽ പറഞ്ഞിരിക്കുന്ന അവസ്ഥ നിലനിൽക്കുമ്പോഴും സാധ്യമായ എല്ലാ വിദ്യാലയമികവുകളും പുലർത്തിവരുന്നു. വളരെ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്ന PTA, പൂർവ്വവിദ്യാർത്ഥി സംഘടന ഈ സ്കൂളിന്റെ പ്രവർത്തനപാതയിൽ ശക്തിപകർന്നു വരുന്നു. I.T സാധ്യത പരമാവധി ഉൾപ്പെടുത്തിയും കൃത്യമായ ആസൂത്രണത്തോടെയുമാണ് പഠനപ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നത്. അധ്യാപകർ എല്ലാവരും സ്ഥിരജീവനക്കാരനാണ്. 2 അനധ്യാപകരും ഉൾപ്പെടെയെല്ലാവരും സേവനമനുഷ്ഠിച്ചുവരുന്നു.

അത്യാവശ്യം മെച്ചപ്പെട്ട ഭൗതിക സാഹചര്യമുണ്ടെങ്കിലും കൂടുതൽ മെച്ചപ്പെടുത്തൽ അനിവാര്യമാണ്. ഈ AMP കൂടെ വിജയകരമായി നടപ്പിലാക്കുന്നതുവഴി, പോരായ്മകൾ പരിഹരിച്ച് ഇത് ഒരു മാതൃകാ-പൊതുവിദ്യാലയമായി മാറും.

# അക്കാദമിക മാസ്റ്റർ പ്ലാൻ

മെയ് 29

മെയ് 30 അക്കാദമിക മാസ്റ്റർപ്ലാൻ ആസൂത്രണം

മെയ് 31 പ്രവേശനോത്സവ മുന്നൊരുക്കം

ജൂൺ 1 - പ്രവേശനോത്സവം
അക്കാദമിക മാസ്റ്റർപ്ലാൻ

ജൂൺ 2 - മുന്നറിവ് പരിശോധന
സന്നദ്ധതാ പ്രവർത്തനങ്ങൾ

ജൂൺ 3 - ശില്പശാല, സചിത്രപാഠപുസ്തകം
പരിചയപ്പെടുത്തൽ

ജൂൺ 5 - പരിസ്ഥിതിദിനം

ജൂൺ -6-9 - അക്ഷരം ഉറപ്പിക്കൽ, അക്ഷരങ്ങൾ
ഉറപ്പിക്കൽ

ജൂൺ 12 - തീം 1 English പാഠം തുടക്കം

ജൂൺ 13 - തീം 1 തുടർച്ച

ജൂൺ 14 - വായന ദിന ചർച്ച

ജൂൺ 15 തീം 2 സംഖ്യാബോധം ഉറപ്പിക്കൽ

ജൂൺ 16 തീം 2 തുടർച്ച

ജൂൺ 19 വായനാദിന ഉദ്ഘാടനം, PN പണിക്കർ അനുസ്മരണം

ജൂൺ 20 പുസ്തക പരിചയപ്പെടൽ
വായനാകാർഡുകൾ

ജൂൺ 21 സംയുക്ത ഡയറി തുടക്കം

ജൂൺ 22 തീം 3, സചിത്ര ഡയറി, ഗണിതം, English

ജൂൺ 23 തീം 3 തുടർച്ച

ജൂൺ 26 വായനോത്സവം

ജൂൺ 27 തീം 4

ജൂൺ 28 തീം തുടർച്ച

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## STD I

മലയാളം.

# ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാക്കളും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വന്തമായി പ്രതികരണങ്ങൾ, സംയുക്തഡയറി ചിത്ര പുസ്തകം എന്നിങ്ങനെ വിവിധ മേഖലകൾ കൈവരിക്കേണ്ടതുണ്ട്. അതിനായി ഓരോ മാസവും മുൻകൂട്ടി വിവിധ പ്രവർത്തനഘട്ടങ്ങളിലൂടെ കുട്ടി ജ്ഞാനങ്ങളിലെത്തുന്നു.

## ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുന്നു.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുന്നു.
- ലളിതമായ വായനാക്കാർഡുകൾ നിർമ്മിക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സാന്നിധ്യത്തിൽ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ,
- നിർമ്മാണ ശില്പശാലയിൽ ഏർപ്പെട്ടുകൊണ്ട് ചിത്ര പുസ്തകം തയ്യാറാക്കുന്നു.
- ലഘു കവിത / കഥ രചിക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ സംയുക്തഡയറി മെച്ചപ്പെടുത്തുന്നു.

## ജൂൺ - പ്രവർത്തനങ്ങൾ

- സചിത്ര നോട്ട്ബുക്ക്, സചിത്ര പുസ്തകം, അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ.
- സചിത്രഡയറി സംയുക്തഡയറി ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
- അക്കാദമിക് മാസ്റ്റർ പ്ലാൻ അവതരണം.
- ചിത്ര കാർഡുകൾ, വായനാകാർഡുകൾ ശില്പശാല
- താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ

## ജൂലൈ - പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ
- കുട്ടിക്ക് കഥ പറയാൻ അവസരം നൽകൽ
- വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം നൽകൽ.
- ചെറുകഥകൾ കേൾക്കുവാൻ അവസരം ഒരുക്കുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.

## ഓഗസ്റ്റ് - പ്രവർത്തനങ്ങൾ

- പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ
- ഭാഷാവികാസനത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു
- ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനായി വിവിധ അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ.
- രചനോത്സവത്തിൽ കുട്ടികളുടെ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.

## സെപ്റ്റംബർ - പ്രവർത്തനങ്ങൾ

- സംയുക്തഡയറി മെച്ചപ്പെടാൻ അവസരം ഒരുക്കുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം
- ചെറിയ വാക്യങ്ങളിലൂടെ - സംയുക്തഡയറി.
- വ്യക്തിഗതമായ രചനകൾക്ക് അവസരം.
- കുട്ടികളെ സ്വതന്ത്ര രചിതാക്കളും വായനക്കാരുമായി മാറ്റുന്നു.
- അനുഭവാധിഷ്ഠിത ഭാഷാ പഠനം സാധ്യമാക്കാൻ അവസരം ഒരുക്കുന്നു.

# ജനുവരി പ്രവർത്തനങ്ങൾ

- കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് നയിക്കുന്ന ലഘുരചനകൾ നടത്തുന്നു
- ഡിജിറ്റൽ സാധ്യതകൾ, വായനക്കാർഡുകൾ എന്നിവ ഉപയോഗിച്ച് സ്വതന്ത്രവായന.
- ഡിജിറ്റൽ പോർട്ട് ഫോളിയോ.
- കുട്ടികളുടെ സ്വതന്ത്രരചനകൾ ചേർത്ത് കയ്യെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.

# ഫെബ്രുവരി പ്രവർത്തനങ്ങൾ

- ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ പ്രകടിപ്പിക്കുന്നു.

## June - Activities

- Introduce Symbol Words
- Provides picture Cards

## July - Activities

- Identify familiar Words
- Say familiar words
- Read familiar Words
- Write familiar Words

## August - Activities.

- Enjoy Songs And ~~Sig~~ Sings them with Rhythm And Action
- Describes orally About pictures And Objects Using Adjec

September

## September - Activities

- Read And Write Simple Words And Simple Sentenc
- Provides picture Cards And Reading Cards.

## Octobar - Activities

- Introduce Symbol picture descriptions.
- Make Word chain, Sentence chain
- Make riddles

അക്കാദമിക് മാസ്റ്റർ പ്ലാൻ
GHWLPS Vayala

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ.

ക്ലാസ് - II

ലക്ഷ്യം

അടിസ്ഥാന ഭാഷാ ശേഷി വികസനം.

പ്രവർത്തനം

1) ഭാഷാക്ലബ്ബ് കുട്ടികളിലും. ~~[illegible]~~ [കാലം സെപ്റ്റംബർ
പാട്ടുകളും കഥകളുമായി കുട്ടി കൂട്ടങ്ങൾ
സംഘടിപ്പിക്കൽ (ഒക്ടോബർ)

2) അമ്മ പറയട്ടെ
അമ്മമാർ കുട്ടിക്കഥകൾ അവതരിപ്പിക്കുന്നു.
[ജൂലൈ, ഡിസംബർ, ജനുവരി മാസത്തിലെ ആദ്യ
ക്കൽ]

ചുമതല

ക്ലാസ് ടീച്ചർ
SRG, SMC
സ്കൂൾ വികസന സമിതി
മദർ പിടിഎ.

അക്കാദമിക് മാസ്റ്റർ പ്ലാൻ

GHWLPS Vayala.

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം.

ക്ലാസ് IV

ലക്ഷ്യം

(1) ആഹാരശീലങ്ങളും, ഭക്ഷണവസ്തുക്കളുടെ, പ്രത്യേകതകളും തിരിച്ചറിവ്

പ്രവർത്തനം

ഭക്ഷ്യമേള - പ്രദേശം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചിയറിവും നട

[ജൂൺ, ജൂലൈ, ആഗസ്റ്റ്]

ചുമതല → SRG SMC.

ലക്ഷ്യം

(2) പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും

പ്രവർത്തനം.

ശലഭോദ്യാനം, ഔഷധത്തോട്ടം.

ചുറ്റുവട്ടത്താകെ. (ഡിസംബർ, ജനുവരി)

~~[illegible]~~

ചുമതല → ക്ലാസ് ടീച്ചർ, SRG, SMC.

സാമ്പത്തികം → SMC.

ചെറിയ
വായനോത്സവം - ഒരോ ചെറിയ പുസ്തകം വായിച്ച് കഥാംശങ്ങൾ നാടകമാക്കാനും ഉൾക്കൊണ്ട് അവതരിപ്പിക്കുന്നതാണ്.
ലൈബ്രറി നവീകരണം (ക്ലാസ്, സ്കൂൾ) നടത്തുന്നതാണ്. പുസ്തക വായന, പുസ്തകാസ്വാദനം എന്നിലക്ഷ്യങ്ങൾ സാധ്യമാകുന്നതിനായി വായനോത്സവം നടത്തുന്നതാണ്. ലൈബ്രറി അംഗത്വമെടുക്കൽ നടത്തുന്നതാണ്. വായനാനുഭവം നൽകുക. കുറിപ്പ്, കവിത, കഥ, വിവരണം.
സ്കൂൾ പാർലമെന്റ് - ഒരു ദീർഘകാല പദ്ധതിയാണ് തെരഞ്ഞെടുപ്പിൽ ആരംഭിച്ച് വർഷാവസാനം വരെ നീണ്ടുനിൽക്കുന്നു. നേതൃത്വഗുണം, പ്രശ്ന പരിഹാരശേഷി, ആത്മവിശ്വാസം എന്നിവ വളർത്തിയെടുക്കുന്നവാൻ പ്രയോജനപ്പെടുന്നതാണ്.

ICT അധിഷ്ഠിത പഠനം

സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ആധുനിക വിവരവിനിമയ സാങ്കേതികവിദ്യ ഫലപ്രദമായ ഉപയോഗത്തിന് പരിശീലനം നൽകുന്നതാണ്.

വിദ്യാലയ കൂട്ടായ്മകളെ ശക്തിപ്പെടുത്തൽ

PTA, MPTA, SMC, CPTA പൂർവ്വ വിദ്യാർത്ഥി - പൂർവ്വ അധ്യാപക സംഘടനകൾ ശക്തിപ്പെടുത്തുന്നതാണ്.

സ്കൂൾ കാലങ്ങൾ - ടാലന്റ് ലാബ്.

സംഗീതം, ചിത്രരചന, നൃത്തം, അഭിനയം എന്നീ മേഖലകളിൽ സവിശേഷ താൽപര്യമുള്ള കുട്ടികളെ കണ്ടെത്തി സ്കൂളിലുള്ള കലാധ്യാപകർ ഇതിൽ മുതൽ പരിശീലനം ആരംഭിക്കും. കലാകായിക പ്രവൃത്തിപരിചയ മേഖലയിൽ താല്പര്യമുള്ളവരെ മുഴുവൻ പേരെയും ഉൾപ്പെടുത്തിയാണ് ~~ആരോഗ്യ കായിക ശേഷി~~ വർഷത്തിൽ 20-30 മണിക്കൂറെങ്കിലും അതാത് അധ്യാപകരുടെ പരിശീലനം നൽകി വർഷാവസാനം പൊതുജന സാന്നിധ്യത്തിൽ അവയുടെ പ്രകടനവും പ്രദർശനവും നടത്തുക. ആരോഗ്യ കായിക ശേഷി വളർച്ച ലക്ഷ്യം വച്ച് വിവിധ പരിശീലനങ്ങളിൽ ഉൾപ്പെടുത്തുക.

സംയുക്ത ഡയറി - കുട്ടികളെ ബാലസാഹിത്യത്തിലേക്ക് നയിക്കുക എന്ന ഉദ്ദേശത്തോടെയാണ് ഡയറി പ്രസിദ്ധീകരിക്കുക. കുട്ടികളുടെ രചനക്ക് പ്രാധാന്യം നൽകിയാണ്. സ്വതന്ത്ര രചനക്കാവശ്യമായ സഹായം രക്ഷിതാവ് കൊടുക്കുക. കുട്ടികളുടെ രചനക്ക് പ്രാധാന്യം നൽകിയാണ് തയ്യാറാക്കുക.

# വിദ്യാലയവികസന കാഴ്ചപ്പാട്

സ്കൂളിന്റെ നിലവിലുള്ള അക്കാദമിക പരിമിതികളെ കണ്ടെത്തി അത് പരിഹരിക്കാനുതകുന്ന [illegible] അക്കാദമിക കാഴ്ചപ്പാട് രൂപീകരിക്കുകയും ചെയ്യുന്നു. ശിശുസൗഹൃദവും പ്രവർത്തനാധിഷ്ഠിതവും പഠനാനുഭവങ്ങൾക്ക് മുൻതൂക്കം നൽകുന്നതുമായ ഒരു പ്രവർത്തന പദ്ധതി ഇതിലൂടെ വിഭാവനം ചെയ്യുന്നു. ദീർഘകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളും ഹ്രസ്വകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളും ഈ മാർഗരേഖ ലക്ഷ്യം വയ്ക്കുന്നു.

അക്കാദമിക പിന്തുണ സംവിധാനങ്ങളുടെ സഹായത്തോടെ പദ്ധതി കാര്യക്ഷമമായി നടപ്പിൽ വരുത്തുന്നതാണ്. വാർഷിക കലണ്ടർ, മാസ കലണ്ടർ എന്നിവയുടെ തയ്യാറാക്കി സ്കൂളിലെ SRG, സബ്ജക്ട് കൗൺസിൽ എന്നിവയുടെ നേതൃത്വത്തിൽ പദ്ധതിയിലെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതാണ്. MPTA, PTA, SMC സാംസ്കാരിക സ്ഥാപനങ്ങൾ തുടങ്ങിയ കൂട്ടായ്മകളെ ശക്തിപ്പെടുത്തിക്കൊണ്ട് ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ മേഖലകളിൽ സമൂഹപങ്കാളിത്തം ഉറപ്പുവരുത്തും.

കാർഷികം

സ്കൂളിന്റെ സ്ഥലത്ത് പച്ചക്കറിത്തോട്ടം കൃഷിചെയ്യുന്നുണ്ട്. ഈ തോട്ടത്തിലെ കാർഷികപ്രവർത്തനങ്ങൾ കുറേക്കൂടി മെച്ചപ്പെടുത്തിക്കൊണ്ട് മുഴുവൻ കുട്ടികളെ പങ്കാളികളാക്കിക്കൊണ്ട് സ്കൂളിലെ ഉച്ചഭക്ഷണവിഭവങ്ങൾക്ക് ഗുണമേന്മ വർധിപ്പിക്കുന്നതിന് പരിശ്രമിക്കുന്നതാണ്. കൃഷിയറിവിന്റെ പാഠങ്ങൾ കുട്ടികളിലെത്തിക്കാൻ ഈ പ്രവർത്തനങ്ങളിലൂടെ കഴിയും.

പാരിസ്ഥിതികം -

മണ്ണ്, ജലം, വായു, ജൈവവൈവിധ്യം ഇവയുടെ സംരക്ഷണത്തിലൂന്നിയുള്ള വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ട് കുട്ടികളിൽ പാരിസ്ഥിതികാവബോധം വളർത്തിയെടുക്കണം. പഠനയാത്ര, കലാരൂപങ്ങൾ ഇവയിലൂടെ കൂടുതൽ പഠനാനുഭവങ്ങൾ കുട്ടികൾക്ക് നൽകുന്നതാണ്